കെ.ടി ഹുസൈൻ

## മഖ്ദൂം പണ്ഡിതന്മാർ: ജീവിതം, രാഷ്ട്രീയം-3

# തുഹ്ഫത്തുൽ മുജാഹിദീൻ

**കേരളത്തിലെ** പോർച്ചുഗീസ് അധിനിവേശം ഏറ്റവും കരാളത പൂണ്ട ചരിത്രസന്ദർഭത്തിലാണ് ശൈഖ് സൈനുദ്ദീൻ രണ്ടാമൻ ജീവിച്ചത്. അധിനിവേശത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക- സാംസ്കാരിക പ്രത്യാഘാതങ്ങൾ നേരിട്ടനുഭവിക്കാൻ അദ്ദേഹത്തിന് അവസരമുണ്ടായി. അതിനാൽ തന്റെ പിതാമഹൻ അടിത്തറ പാകിയ കൊളോണിയൽവിരുദ്ധ രാഷ്ട്രീയത്തിന് പ്രത്യയശാസ്ത്ര ദൃഢീകരണം നൽകാനും സാമ്രാജ്യത്വവിരുദ്ധ ചെറുത്തുനിൽപിന് പ്രായോഗിക പദ്ധതികൾ ആസൂത്രണം ചെയ്യാനുമാണ് അദ്ദേഹം പ്രധാനമായും ശ്രമിച്ചത്. സൈനുദ്ദീൻ രണ്ടാമന്റെ രാഷ്ട്രീയ ചിന്തകളും പ്രത്യയശാസ്ത്ര നിലപാടുകളും വെളിപ്പെടുന്ന അദ്ദേഹത്തിന്റെ പ്രശസ്ത രചനയാണ് *തുഹ്ഫത്തുൽ മുജാഹിദീൻ*. കേരളത്തിലെ പോർച്ചുഗീസ് അധിനിവേശത്തിന്റെ ചരിത്രം വിവരിക്കുന്ന ചരിത്രഗ്രന്ഥം മാത്രമല്ല *തുഹ്ഫത്തുൽ മുജാഹിദീൻ*; കൊളോണിയലിസത്തിന്റെ സൂക്ഷ്മ രാഷ്ട്രീയത്തെയും അതിന്റെ ശക്തി ദൗർബല്യങ്ങളെയും ആഴത്തിൽ വിശകലനം ചെയ്തുകൊണ്ട് അതിനെ നേരിടാൻ മുസ്ലിംകൾ സ്വീകരിക്കേണ്ട താത്ത്വികവും പ്രായോഗികവുമായ നിലപാട് വിശദീകരിക്കുന്ന ദാർശനികഗ്രന്ഥം കൂടിയാണ്. പോർച്ചുഗീസുകാരുടെ ആഗമനം വരെ കടലിൽ ആധിപത്യമുണ്ടായിരുന്ന മുസ്ലിംകളുടെ പൊടുന്നനെയുള്ള പരാജയത്തിനും പോർച്ചുഗീസുകാരുടെ വിജയത്തിനുമുള്ള ആന്തരികവും ബാഹ്യവുമായ കാരണങ്ങളെ കുറിച്ച *തുഹ്ഫത്തുൽ മുജാഹിദീനി*ലെ നിരീക്ഷണം ശ്രദ്ധേയമാണ്. വിശ്വാസരംഗത്തും കർമരംഗത്തും മുസ്ലിംകളെ ബാധിച്ച ജീർണതയും ഭൗതികപ്രമത്തതയുമാണ് ഒരു കാരണമെങ്കിൽ മറ്റൊരു കാരണം മുസ്ലിംകൾക്കിടയിലെ അനൈക്യവും ശൈഥില്യവുമാണ്. നീചവും നികൃഷ്ടവുമായ കൊളോണിയൽ ലക്ഷ്യം നേടിയെടുക്കുന്നതിൽ പോർച്ചുഗീസുകാർ പ്രദർശിപ്പിക്കുന്ന ഐക്യവും ക്ഷമാപൂർണമായ ആസൂത്രണവുമാണ് അവരുടെ പ്രധാന ശക്തിയെന്ന് അദ്ദേഹം എടുത്തു പറയുകയും ചെയ്തു: "പോർച്ചുഗീസുകാർ നിഷ്ഠുരന്മാരും തന്ത്രശാലികളുമാണ്. സ്വന്തം താൽപര്യങ്ങൾ എന്തിലൊക്കെയാണ് കുടികൊള്ളുന്നതെന്ന് അവർക്ക് നല്ലതുപോലെ അറിയും. അവ നേടുന്നതിന് എന്ത് ചതിയും പ്രയോഗിക്കുകയും ചെയ്യും. ആവശ്യമെങ്കിൽ സ്വന്തം ശത്രുക്കളോട് അവർ അങ്ങേയറ്റം അനുനയത്തിൽ പെരുമാറും. ആവശ്യം കഴിഞ്ഞാൽ എല്ലാ മര്യാദകളും ലംഘിച്ച് അവരെ മലർത്തി വീഴ്ത്തുകയും ചെയ്യും. അവർ തമ്മിലാകട്ടെ വളരെ ഐക്യത്തിലാണ്. ഒരു തരത്തിലുള്ള കിടമത്സരവും അവർക്കിടയിലില്ല. അങ്ങ് പോർച്ചുഗലിലുള്ള ഭരണാധികാരികളുടെ ആജ്ഞാനുസൃതമാണ് അവരിവിടെ പ്രവർത്തിക്കുന്നത്. അകലത്ത് വെച്ചു പോലും അവർ തങ്ങളുടെ നേതാക്കളെ ധിക്കരിക്കുന്നില്ല. അധികാരത്തിനു വേണ്ടി അവരിൽ ആരെങ്കിലും തങ്ങളുടെ കൂട്ടത്തിലെ മറ്റൊരാളെ വധിച്ചതായി കേട്ടിട്ടുമില്ല" (*തുഹ്ഫത്തുൽ മുജാഹിദീൻ പരിഭാഷ*, പേജ് 71).

ലക്ഷ്യബോധം, ഇഛാശക്തി, ഐക്യം തുടങ്ങിയ ഗുണങ്ങൾ ആർജിച്ചതുകൊണ്ടാണ് ലക്ഷ്യം നികൃഷ്ടമായിട്ടുപോലും പോർച്ചുഗീസുകാർക്ക് അതിൽ വിജയിക്കാനാകുന്നതെന്ന് വ്യക്തമാക്കിയ ശേഷം മുസ്ലിംകളുടെ പരാജയത്തിന് നിദാനമായ പ്രധാന ദൗർബല്യങ്ങളിലേക്ക് അദ്ദേഹം ഇപ്രകാരം വിരൽചൂണ്ടുന്നു: "എന്നാൽ മുസ്ലിംകളുടെയും അവരുടെ അമീറുമാരുടെയും സ്ഥിതിയോ? അനൈക്യവും തമ്മിൽതല്ലും നേതൃത്വത്തിനു വേണ്ടിയുള്ള മത്സരവുമാണവർക്കിടയിൽ. ഒരുത്തനെ വധിച്ചാലും വേണ്ടില്ല, മറ്റവന് ഉയരണം. ഇതാണവസ്ഥ. ഇതുകൊണ്ടൊക്കെത്തന്നെയാണ് പോർച്ചുഗീസുകാർ എണ്ണത്തിൽ കുറവായിട്ടും മലബാറിലെയും മറ്റു സ്ഥലങ്ങളിലെയും രാജാക്കന്മാരെയും ഭരണാധികാരികളെയും അവർക്ക് കീഴ്പ്പെടുത്താൻ കഴിഞ്ഞത്" (അതേ പുസ്തകം, പേജ് 71).

ത്വരീഖത്തുകളുടെയും മറ്റും പേരിൽ ഭിന്നിച്ചുനിന്ന കേരള മുസ്ലിംകളുടെ അവസ്ഥ മാത്രമല്ല ഈ വരികളിൽ പ്രകടമാകുന്നത്. താൻ ജീവിച്ച കാലഘട്ടത്തിലെ മൊത്തം മുസ്ലിംലോകത്തിന്റെ ദുരന്തചിത്രം കൂടി ഇതിൽ അനാവരണം ചെയ്യപ്പെടുന്നു. വംശീയ ഭരണാധികാരികളുടെ അധികാരമത്സരം കാരണമുണ്ടായ സ്പെയിൻ ദുരന്തം, ഈജിപ്തിലെ മംലൂക്കുകളും തുർക്കികളും തമ്മിലുള്ള യുദ്ധങ്ങൾ, ഇന്ത്യയിലെ വിവിധ ഭരണാധികാരികൾക്കിടയിലെ കിടമത്സരം തുടങ്ങിയവയെല്ലാം ഇസ്ലാമിക ലോകത്തിന്റെ ഐക്യം സ്വപ്നം കണ്ട ഒരു പണ്ഡിതനിൽ സൃഷ്ടിച്ച പ്രതികരണമാണ് ഇതിലൂടെ പുറത്തുവരുന്നത്. രാഷ്ട്രീയാധികാരമില്ലാത്ത കേരളത്തിലെ മുസ്ലിംകളെയും ഇസ്ലാമികലോകത്തേക്ക് കണ്ണിചേർത്തുകൊണ്ട് ആദർശാടിസ്ഥാനത്തിലുള്ള ഐക്യബോധം മുസ്ലിംകളിൽ വളർത്തിയെടുക്കുകയാണ്; ഇസ്ലാമികലോകത്തിന്റെ ദുരന്തചിത്രം കോറിയിടുന്നതിലൂടെ അദ്ദേഹം ലക്ഷ്യമിട്ടത്. ശൈഖ് സൈനുദ്ദീന്റെ കൊളോണിയൽവിരുദ്ധ രാഷ്ട്രീയത്തെ രൂപപ്പെടുത്തിയത് പ്രാദേശികമായ നിലനിൽപിന്റെ പ്രശ്നം മാത്രമായിരുന്നില്ലെന്നും ഇസ്ലാമികലോകത്തിന്റെ യഥാർഥ സ്വത്വത്തിന്റെ വീണ്ടെടുപ്പിനെക്കുറിച്ച സ്വപ്നം കൂടിയായിരുന്നുവെന്നുമാണ് ഇത് വ്യക്തമാക്കുന്നത്. *തുഹ്ഫത്തുൽ മുജാഹിദീൻ* എഴുതപ്പെട്ടത് അറബിയിലായതിൽനിന്നു തന്നെ അത് അഭിസംബോധന ചെയ്യു

ന്നത് കേരള മുസ്‌ലിംകളെ മാത്രമല്ലെന്നും മൊത്തം മുസ്‌ലിംലോകത്തെയും ഭരണാധികാരികളെയും കൂടിയാണെന്നുമുള്ള കാര്യം വ്യക്തമാണല്ലോ. അതിനാൽ *തുഹ്ഫത്തുൽ മുജാഹിദീനി*ലെ ജിഹാദാഹ്വാനം സ്വാഭാവികമായും ഈ ഭരണാധികാരികളോടായിരുന്നുവെന്ന വസ്തുതയും മനസ്സിലാക്കപ്പെടേണ്ടതുണ്ട്. മലബാറിൽ അധികാരത്തിലിരിക്കുന്ന സാമൂതിരിയുടെ പോർച്ചുഗീസ്‌വിരുദ്ധ പോരാട്ടത്തെ എല്ലാവിധത്തിലും സഹായിക്കണമെന്ന മുസ്‌ലിംകളോടുള്ള നിർദേശവും ഈ ജിഹാദാഹ്വാനത്തിന് പിറകിലുണ്ടെന്ന കാര്യത്തിൽ സംശയമില്ല. നേതൃത്വമോ സമരപദ്ധതികളോ ഇല്ലാത്ത മുസ്‌ലിം ആൾക്കൂട്ടത്തോടായിരുന്നില്ല അദ്ദേഹത്തിന്റെ ജിഹാദാഹ്വാനം എന്നും ഇത് സൂചിപ്പിക്കുന്നു.

ദീർഘകാലം അധിനിവേശവിരുദ്ധ പോരാട്ടത്തിൽ മുസ്‌ലിംകളുടെ താങ്ങും തണലുമായി വർത്തിച്ച സാമൂതിരി പോലും പല കാരണങ്ങളാൽ അധിനിവേശശക്തികളുമായി സന്ധിചെയ്തപ്പോൾ തളർന്നുപോയ മുസ്‌ലിംകളുടെ ആത്മവീര്യം വീണ്ടെടുക്കുക എന്ന ചരിത്രദൗത്യമാണ് *തുഹ്ഫത്തുൽ മുജാഹിദീനി*ന്റെ രചനയിലൂടെ ശൈഖ് സൈനുദ്ദീൻ നിർവഹിച്ചത്. മുസ്‌ലിംകളുടെ ആത്മവീര്യം വീണ്ടെടുക്കാൻ അദ്ദേഹം ചെയ്തത്, വിശ്വാസ-കർമരംഗങ്ങളിൽ അവരെ ബാധിച്ച ജീർണതകളുടെയും ശൈഥില്യത്തിന്റെയും നേരെ കണ്ണടച്ചുകൊണ്ട് അവരെ ജിഹാദിന്റെ പേരിൽ വൈകാരികമായി ഇളക്കിവിടുകയല്ല. ജിഹാദിന് ആഹ്വാനം മുഴക്കുന്നതിനു മുമ്പ് എന്തിനു വേണ്ടിയാണ് മുസ്‌ലിംകൾ ജിഹാദ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കിക്കൊണ്ട് മുസ്‌ലിംസ്വത്വത്തെ കൃത്യമായി നിർണയിച്ചുവെന്നതാണ് *തുഹ്ഫത്തുൽ മുജാഹിദീനി*ന്റെ എടുത്തുപറയേണ്ട ഒരു സവിശേഷത. നന്മ കൽപിക്കാനും തിന്മ തടയാനും മാനവരാശിക്കു വേണ്ടി ഉയിരെടുത്ത ഉത്തമ സമുദായമാണ് മുസ്‌ലിംകൾ എന്ന ഖുർആനികപരികൽപനക്ക് അടിവരയിട്ട് മുസ്‌ലിം സ്വത്വത്തെ സവിശേഷമായി അടയാളപ്പെടുത്തിയതിനു ശേഷമാണ്, അക്രമത്തിനും അനീതിക്കുമെതിരെയുള്ള ജിഹാദ് എന്ന ബാധ്യതയെക്കുറിച്ച് അദ്ദേഹം മുസ്‌ലിംകളെ ഓർമപ്പെടുത്തുന്നത്. അതുപോലെ മുസ്‌ലിംകളെ ബാധിച്ച ജീർണതയും ശൈഥില്യവും ചൂണ്ടിക്കാട്ടി അവയുടെ വിപാടനത്തിലൂടെ മാത്രമേ കൊളോണിയൽവിരുദ്ധ സമരം ലക്ഷ്യം കാണുകയുള്ളൂവെന്ന പാഠവും അദ്ദേഹം നൽകുന്നുണ്ട്. സാമൂഹിക പരിഷ്കരണത്തെ വിമോചന പോരാട്ടങ്ങൾക്കും സ്വാതന്ത്ര്യസമരങ്ങൾക്കുമുള്ള മുന്നുപാധിയും ഇന്ധനവുമാക്കി മാറ്റുന്ന സമരതന്ത്രം കൂടിയാണ് ഇതിലൂടെ അദ്ദേഹം രൂപപ്പെടുത്തുന്നത്.

സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ സമഗ്രമായി മുസ്‌ലിംകൾക്ക് നേതൃത്വം നൽകുന്ന ഒരു അമീർ മലബാർ മുസ്‌ലിംകൾക്കില്ലാത്തതിൽ അദ്ദേഹത്തിനുള്ള മനോവിഷമം *തുഹ്ഫത്തുൽ മുജാഹിദീനി*ന്റെ വരികൾക്കിടയിൽനിന്ന് വായിച്ചെടുക്കാനാകും: "മലബാറിലെ മുസ്‌ലിംകൾക്ക് അവരുടെ ക്ഷേമൈശ്വര്യങ്ങളിൽ താൽപര്യപൂർവം ശ്രദ്ധിക്കുന്ന, അവരെ ഭരിക്കാൻ അധികാരമുള്ള ഒരു നേതാവ് (അമീർ) ഇല്ലെന്ന കാര്യം വ്യക്തമാണ്. അവർ അവിശ്വാസികളായ ഭരണകർത്താക്കളുടെ പ്രജകളായി കഴിയുകയാണ്. എങ്കിലും തങ്ങളുടെ മേൽ അധീശത്വം സ്ഥാപിച്ച് വാഴുന്ന അവിശ്വാസികളായ വിദേശികളോട് പൊരുതിക്കൊണ്ടുതന്നെയാണ് അവർ കഴിഞ്ഞുപോന്നിട്ടുള്ളത്. ആ പോരാട്ടത്തിൽ അവർ കഴിവിന്റെ പരമാവധി ധനം വിനിയോഗിക്കുകയും ചെയ്തു. മുസ്‌ലിം സ്നേഹിയായ സാമൂതിരിയുടെ സഹായവും അവർക്കുണ്ടായി. തുടക്കം മുതൽക്കേ സാമൂതിരി മുസ്‌ലിംകൾക്കു വേണ്ടി പണം ചെലവഴിച്ചുപോന്നു. എന്നാൽ ശത്രുക്കൾ മുസ്‌ലിംകൾക്ക് നിരന്തരമായി ആൾനാശമേൽപിക്കുകയും വ്യാപാര-വാണിജ്യ രംഗങ്ങളിൽനിന്നവരെ തുരത്തുകയും അവരുടെ വീടുകൾ തകർക്കുകയും ചെയ്തതിന്റെ ഫലമായി അവർ അങ്ങേയറ്റം ബലഹീനരായിത്തീരുകയും കൊടും ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും അകപ്പെട്ട് യാതൊന്നിനും കഴിയാത്ത സ്ഥിതിയിലാവുകയും ചെയ്തു" (*തുഹ്ഫത്തുൽ മുജാഹിദീൻ പരിഭാഷ*, പേജ് 41).

ചരിത്രത്തിലും സമൂഹത്തിലും ഇസ്‌ലാമിന്റെ യഥാർഥ പ്രതിനിധാനം എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ചുള്ള ശൈഖ് സൈനുദ്ദീന്റെ വീക്ഷണമാണ് അമീറില്ലാത്തതിലുള്ള അദ്ദേഹത്തിന്റെ മനോവേദനയിൽനിന്ന് തെളിഞ്ഞുവരുന്നത്. അതേസമയം സ്വന്തമായി അമീറില്ലെങ്കിലും തങ്ങളെ സഹായിക്കുകയും പിന്തുണക്കുകയും വിശ്വാസകാര്യങ്ങളിൽ ഇടപെടാതിരിക്കുകയും ചെയ്യുന്ന സാമൂതിരിയെ പോലുള്ള ഒരമുസ്‌ലിം ഭരണാധികാരിയുടെ കീഴിൽ അണിനിരന്ന് അധിനിവേശത്തെ ചെറുത്തുതോൽപിക്കേണ്ടത് മുസ്‌ലിംകളുടെ മതബാധ്യതയാണെന്ന പ്രായോഗിക സമീപനവും അദ്ദേഹം പുലർത്തി. സാമ്രാജ്യത്വം പോലുള്ള മനുഷ്യരാശിയുടെ പൊതുശത്രുക്കളെ നേരിടാൻ വിശ്വാസി-അവിശ്വാസി ഭേദമന്യേ എല്ലാവരുടെയും സഹകരണം സാധിതമാകണം എന്ന ഇസ്‌ലാമിക പാഠമാണ് അദ്ദേഹം ഉയർത്തിപ്പിടിച്ചത്. ഇന്ത്യക്കകത്തും പുറത്തും പ്രബലരും ശക്തരുമായ മുസ്‌ലിം ഭരണാധികാരികൾ ഉണ്ടായിട്ടും അവരൊന്നും മലബാറിലെ മുസ്‌ലിംകളെ രക്ഷിക്കാൻ നടപടി സ്വീകരിക്കാത്തത് അദ്ദേഹത്തെ ഏറെ വിഷമിപ്പിക്കുകയുണ്ടായി. ഭൗതികപ്രമത്തതയും പരലോകബോധമില്ലായ്മയുമാണ് അവരുടെ നിഷ്ക്രിയത്വത്തിന് കാരണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്: "പോർച്ചുഗീസുകാരുടെ ഈ തേർവാഴ്ച എൺപതിൽപരം വർഷം നീണ്ടപ്പോൾ മുസ്‌ലിംകളുടെ അവസ്ഥ അങ്ങേയറ്റം ദയനീയമായിത്തീരുകയും അവർ ദരിദ്രരും ബലഹീനരും പതിതരുമായി മാറുകയും ചെയ്തു. ഈ ദുരവസ്ഥയിൽനിന്ന് കരകേറാനുള്ള യാതൊരു മാർഗവും അവർക്ക് കണ്ടെത്താനായില്ല. സൈനികവും സാമ്പത്തികവുമായ ശക്തിയോടും പ്രതാപത്തോടും കൂടി ലോകത്തിന്റെ പല ഭാഗങ്ങളിൽ വാണരുളുന്ന മുസ്‌ലിം സുൽത്താന്മാരോ പ്രഭുക്കന്മാരോ മലബാർ മുസ്‌ലിംകളെ ബാധിച്ച ആപത്തിൽനിന്നവരെ രക്ഷപ്പെടുത്താൻ മുന്നോട്ടു വന്നതുമില്ല. മതകാര്യങ്ങളിൽ താൽപര്യം കുറഞ്ഞവരും പരലോകത്തേക്കാൾ ഇഹലോകത്തെ സ്നേഹിക്കുന്നവരുമായ ആ സുൽത്താന്മാർക്കും പ്രഭുക്കന്മാർക്കും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യാനോ ധനം ചെലവഴിക്കാനോ കഴിയാത്തതാണ് കാരണം" (അതേ പുസ്തകം, പേജ് 35).

പറങ്കികൾക്കെതിരെ സാമൂതിരിയും വിവിധ നാടുകളിലെ മുസ്‌ലിം രാജാക്കന്മാരും ചേർന്നുള്ള ഒരു വിശാല സഖ്യം രൂപപ്പെടുത്താനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾക്ക് മുസ്‌ലിം ഭരണാധികാരികളുടെ നിസ്സഹകരണം മൂലം ഏറ്റ തിരിച്ചടിയാണ് താനുമായി നല്ല സുഹൃദ്ബന്ധം പുലർത്തിയിരുന്ന ഇന്ത്യക്കകത്തും പുറത്തുമുള്ള മുസ്‌ലിം രാജാക്കന്മാരെ ഇത്ര രൂക്ഷമായി വിമർശിക്കാൻ ശൈഖ് സൈനുദ്ദീനെ പ്രേരിപ്പിച്ചത്. പറങ്കികൾക്കെതിരെയുള്ള യുദ്ധത്തിൽ സാമൂതിരിയെ സഹായിക്കണമെന്നാവശ്യപ്പെട്ട് ഈജിപ്തിലെയും, ഗുജറാത്തിലെയും ബീജാപ്പൂരിലെയും സുൽത്താന്മാർക്ക് അദ്ദേഹം കത്തുകളയച്ചിരുന്നു. ഈജിപ്തിലെ മംലൂക് സുൽത്താൻ ഖാൻ സ്വൂഹ് അൽ ഗൗരിയും ബീജാപ്പൂരിലെ അലി ആദിൽ ഷായും ഗുജറാത്തിലെ മഹ്മൂദ് ഷായും തുടക്കത്തിൽ സാമൂതിരിയെ സഹായിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഈജിപ്ത് സുൽത്താന്റെ സഹായത്തെക്കുറിച്ച് *തുഹ്ഫത്തുൽ മുജാഹിദീനി*ൽ ഇപ്രകാരം കുറിക്കുന്നു: "ഈജിപ്തിലെ സുൽത്താൻ ഖാൻ സ്വൂഹ് അൽ ഗൗരി (അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ) തന്റെ യുദ്ധകാര്യമന്ത്രി അമീർ ഹുസൈനെ പതിമൂന്ന് കപ്പൽ നിറയെ സൈന്യങ്ങളുമായി സാമൂതിരിയെ സഹായി

ക്കാൻ അയച്ചു. അമീർ ഹുസൈനും സൈന്യങ്ങളും ഗുജറാത്തിലെ ഡ്യൂ തുറമുഖത്തെത്തി. അവിടെനിന്ന് ചൗൾ തുറമുഖത്തേക്കുള്ള യാത്രയിൽ ഡ്യൂവിലെ സുൽത്താനായിരുന്ന മലിക് ആയാസും അവരുടെ കൂടെ ചേർന്നു. മാർഗമധ്യേ അവർ പോർച്ചുഗീസുകാരുടെ ഏതാനും കപ്പലുകൾ കണ്ടു. തുടർന്ന് യുദ്ധം നടക്കുകയും അമീർ ഹുസൈൻ പോർച്ചുഗീസുകാരെ തോൽപിക്കുകയും അവരുടെ വലിയൊരു കപ്പൽ പിടിച്ചെടുക്കുകയും ചെയ്തു" (പേജ് 65).

പോർച്ചുഗീസുകാർക്കെതിരെയുള്ള അമീർ ഹുസൈന്റെ പോരാട്ടം നടക്കുന്നതിനിടയിൽതന്നെ ഈജിപ്തിൽ ഉസ്മാനികളുമായുള്ള യുദ്ധത്തിൽ ഖാൻ സ്വൂഹിന്റെ ആധിപത്യം തകർന്നതോടെയാണ് സാമൂതിരിക്ക് ഈജിപ്തിൽനിന്നുള്ള സഹായം നിലച്ചത്. അതുപോലെ പറങ്കികളുടെ ചാലിയം കോട്ടക്കെതിരെ സൈനിക നടപടികൾ സ്വീകരിക്കാൻ സാമൂതിരിക്ക് ധൈര്യവും ആത്മവിശ്വാസവും നൽകിയത് ബീജാപ്പൂരിലെ അലി ആദിൽ ഷാ ആയിരുന്നു. പക്ഷേ, അദ്ദേഹത്തിന് പിന്നീട് തന്റെ സൈന്യത്തിലെ പടലപ്പിണക്കം കാരണം സാമൂതിരിയെ കാര്യമായി സഹായിക്കാൻ കഴിഞ്ഞില്ല. ഗുജറാത്തിലെ മഹ്മൂദ് ഷായാകട്ടെ ആദിൽ ഷായെ കുറിച്ച ഭയം കാരണം പോർച്ചുഗീസ്‌വിരുദ്ധ സഖ്യത്തിൽനിന്ന് സ്വയം പിന്മാറുകയും ചെയ്തു. പരസ്പരമുള്ള സംശയവും ശൈഥില്യവും അധികാര മാത്സര്യവും കാരണം തന്റെ കൂടി ശ്രമഫലമായി രൂപംകൊണ്ട പോർച്ചുഗീസ്‌വിരുദ്ധ സഖ്യത്തിന് സംഭവിച്ച ഈ വിള്ളലിൽ ശൈഖ് സൈനുദ്ദീനുണ്ടായ മനോവേദനയാണ് രൂക്ഷവിമർശനമായി പുറത്തുവന്നത്. മുസ്‌ലിംകളെയും അവരെ സഹായിക്കുന്ന സാമൂതിരിയെയും പോർച്ചുഗീസ് ആക്രമണത്തിൽനിന്ന് രക്ഷിക്കേണ്ടത് ഇന്ത്യക്കകത്തും പുറത്തുമുള്ള മുസ്‌ലിം ഭരണാധികാരികളുടെ മതപരമായ ബാധ്യതയാണ് എന്ന നിലപാടായിരുന്നു ശൈഖ് സൈനുദ്ദീന്. പ്രസ്തുത ബാധ്യത അവർ വിസ്മരിച്ചതാണ് അദ്ദേഹത്തെ പ്രകോപിതനാക്കിയത്. കൊളോണിയൽ ആധിപത്യത്തിനെതിരെ മുസ്‌ലിം ഭരണാധികാരികൾ നടത്തുന്ന ജിഹാദിൽ അമുസ്‌ലിം രാജാവായ സാമൂതിരിയെ കണ്ണിചേർക്കുകയും സാമൂതിരിക്ക് മേൽക്കോയ്മയുള്ള ഭൂപ്രദേശത്തെ പ്രസ്തുത ജിഹാദിന്റെ വേദിയായി മനസ്സിലാക്കുകയും ചെയ്തുവെന്നതാണ് അദ്ദേഹത്തിന്റെ നിലപാടിൽ ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു പ്രധാന സംഗതി. ദാറുൽ ഇസ്‌ലാം, ദാറുൽ ഹർബ് എന്നിങ്ങനെയുള്ള കർമശാസ്ത്ര വ്യവഹാരത്തിലെ തരംതിരിവുകളെ സ്ഥലകാലങ്ങൾക്കും ചരിത്രസന്ദർഭങ്ങൾക്കും അനുസൃതമായി ഒരു പണ്ഡിതന് എങ്ങനെ മറികടക്കാനാകുമെന്നതിന്റെ മികച്ച ദൃഷ്ടാന്തം കൂടിയാണിത്. അമുസ്‌ലിം ഭരണത്തിലുള്ള കേരളത്തെ മുസ്‌ലിം ശത്രുക്കൾക്കെതിരെ പോരാട്ടം നടക്കുന്ന ഗേഹമായി അദ്ദേഹം കാണുന്നുവെന്നതാണ് ഇതിലെ ശ്രദ്ധേയവശം. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിൽ മുസ്‌ലിംകൾക്ക് ഒരുപരിധിവരെ സ്വയംനിർണയാവകാശം അനുവദിച്ചതും ശത്രുക്കൾക്കെതിരെ പൊരുതാൻ സൈനികവും സാമ്പത്തികവും ധാർമികവുമായി അവരെ സഹായിച്ചതുമാണ് സാമൂതിരിരാജ്യത്തെ ഇത്തരമൊരു ഉയർന്ന വിതാനത്തിൽ നോക്കിക്കാണാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കർമശാസ്ത്രത്തിന്റെ അക്ഷരങ്ങളിൽ തൂങ്ങിപ്പിടിച്ച് നിൽക്കുന്ന പരമ്പരാഗത മതപണ്ഡിതന്മാരിൽനിന്ന് ഒരിക്കലും പ്രതീക്ഷിക്കാനാവാത്ത നിലപാടാണിത്. തന്റെ ഈ നിലപാട് എവിടെയും രേഖപ്പെടുത്തിയിട്ടില്ലെങ്കിലും പ്രസ്തുത നിലപാടിനെ സാധൂകരിക്കുന്ന കർമമാതൃക സമർപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. പുതിയ കാലത്ത് ഇസ്‌ലാമിന്റെ സാമൂഹിക-രാഷ്ട്രീയ ആവിഷ്കാരങ്ങൾക്കും ഇടപെടലുകൾക്കുമുള്ള രീതിശാസ്ത്രം എന്തായിരിക്കണമെന്ന അന്വേഷണത്തിൽ രേഖീയമായ പ്രമാണങ്ങളെ മാത്രം ആശ്രയിക്കാതെ ചരിത്രപരമായ ഇസ്‌ലാമിലെ പ്രായോഗിക അനുഭവങ്ങൾ കൂടി അവലംബിക്കേണ്ടതുണ്ട് എന്നതിലേക്ക് ഉൾക്കാഴ്ച നൽകുന്നതാണ് പതിനാറാം നൂറ്റാണ്ടിലെ സവിശേഷ ചരിത്രസന്ദർഭത്തിൽ ശൈഖ് സൈനുദ്ദീൻ കൈക്കൊണ്ട ഈ നിലപാട്.

### മുസ്‌ലിം ഭരണാധികളുമായുള്ള ബന്ധം

സാമൂതിരിയുടെ നയതന്ത്ര പ്രതിനിധിയായും അല്ലാതെയും ഇന്ത്യക്കകത്തും പുറത്തുമുള്ള മുസ്‌ലിം ഭരണാധികാരികളുമായി അദ്ദേഹം ബന്ധം പുലർത്തിയിരുന്നു. ഗുജറാത്തിലെയും ബീജാപ്പൂരിലെയും സുൽത്താന്മാരുടെ കൊട്ടാരത്തിൽ അദ്ദേഹം താമസിച്ചതിന് തെളിവുകളുണ്ട്. മുഗൾ ചക്രവർത്തി അക്ബറുമായും ഈജിപ്തിലെയും തുർക്കിയിലെയും സുൽത്താന്മാരുമായും അദ്ദേഹം ബന്ധപ്പെട്ടിരുന്നു. മുസ്‌ലിം ഭരണാധികാരികളുമായുള്ള ശൈഖ് സൈനുദ്ദീന്റെ ബന്ധം, സാമൂതിരിയെ മുസ്‌ലിം ലോകത്തുടനീളം അറിയപ്പെട്ട ഇന്ത്യയിലെ ഏക ഹിന്ദു ഭരണാധികാരിയാക്കി മാറ്റി. എം.ജി.എസ് നാരായണൻ എഴുതുന്നു: "പടിഞ്ഞാറ് കൊർദോവ മുതൽ കിഴക്ക് ഏഷ്യയിലെ മലാക്ക വരെയുള്ള മുസ്‌ലിം ശക്തികളുടെ ശൃംഖലയിലെ ഒരു സജീവ കണ്ണിയായി മാറി സാമൂതിരി" (*കൾച്ചറൽ സിംബയോസിസ്*).

ശൈഖ് സൈനുദ്ദീനെ ഏറെ ആകർഷിക്കുകയും അദ്ദേഹം വളരെയധികം ഇഷ്ടപ്പെടുകയും ചെയ്ത മുസ്‌ലിം ഭരണാധികാരി ബീജാപ്പൂരിലെ സുൽത്താൻ അലി ആദിൽ ഷാ ആയിരുന്നു. *തുഹ്ഫത്തുൽ മുജാഹിദീൻ* അദ്ദേഹം സമർപ്പിച്ചത് അലി ആദിൽ ഷാക്കായിരുന്നുവെന്നതിൽനിന്നുതന്നെ ഈ ബന്ധം ഊഹിക്കാം. അലി ആദിൽ ഷായെ അദ്ദേഹം വളരെയധികം പ്രശംസിക്കുകയും അദ്ദേഹത്തിന്റെ യശസ്സിനു വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നുണ്ട്. അലി ആദിൽ ഷാ അടക്കമുള്ള ബിജാപ്പൂർ സുൽത്താന്മാർ ശീഈകളായിരുന്നു. അഹ്‌ലുസ്സുന്ന വിഭാഗത്തിൽപെട്ട ശൈഖ് സൈനുദ്ദീന് അലി ആദിൽ ഷായുമായി സ്നേഹബന്ധം പുലർത്താനോ അദ്ദേഹത്തിനു വേണ്ടി പ്രാർഥിക്കാനോ അദ്ദേഹം ശീഈയായിരുന്നുവെന്നത് തടസ്സമായില്ല. കേരളീയരായ പൂർവിക പണ്ഡിതന്മാർ സമുദായത്തിലെ ഭിന്നവിഭാഗങ്ങളോട് പുലർത്തിയ സഹിഷ്ണുതക്കും സമഭാവനക്കും വിട്ടുവീഴ്ചാ മനോഭാവത്തിനുമുള്ള മികച്ച ദൃഷ്ടാന്തമാണിത്. മതത്തിനുള്ളിലെ അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ വ്യക്തിപരമായ ബന്ധത്തിൽ പോലും കാർക്കശ്യവും തീവ്രതയും കൈക്കൊള്ളുന്നത് സംഘടനാപരമായ ആവശ്യമായിത്തീർന്ന വർത്തമാനകാല കേരള മുസ്‌ലിം സാമൂഹികപരിസരത്തിൽനിന്ന് ചിന്തിക്കുമ്പോൾ ശൈഖ് സൈനുദ്ദീന്റെ ഈ സമീപനം പല തിരിച്ചറിവുകളും നൽകുന്നതാണ്.

### നിഷ്പക്ഷനായ ചരിത്രകാരൻ

കൊളോണിയൽവിരുദ്ധ രാഷ്ട്രീയത്തിന് ഇസ്‌ലാമിന്റെ രാഷ്ട്രീയവീക്ഷണത്തിൽ ഊന്നിക്കൊണ്ട് സൈദ്ധാന്തിക അടിത്തറ നൽകിയ ഗ്രന്ഥം എന്നതാണ് *തുഹ്ഫത്തുൽ മുജാഹിദീ*ന്റെ പ്രസക്തി. എങ്കിലും, സൈനുദ്ദീൻ മഖ്ദൂമിലെ നിഷ്പക്ഷനായ ചരിത്രകാരനെയും അത് പുറത്തുകൊണ്ടുവരുന്നുണ്ട്. പോർച്ചുഗീസ്‌വിരുദ്ധ പോരാട്ടത്തിന് ആഹ്വാനം ചെയ്യുന്ന ആദ്യഭാഗം കഴിച്ചാൽ നാല് ഭാഗങ്ങളുള്ള ഗ്രന്ഥത്തിന്റെ അവശേഷിക്കുന്ന ഭാഗങ്ങൾ ചരിത്രവിവരണമാണ്. കേരളത്തിലേക്കുള്ള ഇസ്‌ലാമിന്റെ ആഗമനത്തിന്റെയും അതിന്റെ വികാസത്തിന്റെയും ചരിത്രം, കേരളത്തിലെ ഹിന്ദുക്കളുടെ സാമൂഹികജീവിതം, കേരളത്തിലെ പോർച്ചുഗീസ് അധിനിവേശത്തിന്റെയും അതിനെതിരായ തദ്ദേശീയ ചെറുത്തുനിൽപിന്റെയും ചരിത്രം തുടങ്ങിയവയാണ് യഥാക്രമം രണ്ടും മൂന്നും നാലും ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്. കേരളത്തെ കുറിച്ച ആദ്യത്തെ ആധികാരിക ചരിത്രരേഖയാണിത്. പിൽക്കാലത്ത് എഴുതപ്പെട്ട എല്ലാ

കേരളചരിത്ര പഠനങ്ങളിലും *തുഹ്ഫത്തുൽ മുജാഹിദീൻ* ഒരു പ്രധാന ഉപാദാനമായി പരിഗണിക്കപ്പെട്ടിട്ടുണ്ട്. ചരിത്രസംഭവങ്ങൾ ഓരോന്നും വിശദീകരിക്കുമ്പോൾ അത് നടന്ന വർഷം കൃത്യമായി രേഖപ്പെടുത്താൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. ക്ലാസിക്കൽ ഇസ്ലാമിക ചരിത്രരചനാരീതിയാണ് ഇക്കാര്യത്തിൽ അദ്ദേഹം മാതൃകയാക്കിയിരിക്കുന്നത്. യുദ്ധകഥകളുടെ വിവരണത്തിൽ അദ്ദേഹം ഗ്രീക്ക് ചരിത്രകാരനായ തൂസിഡൈഡസിനെ ഓർമിപ്പിക്കുന്നു. പുരാതന ഗ്രീക്ക് നഗര രാഷ്ട്രങ്ങളായ ഏഥൻസും സ്പാർട്ടയും തമ്മിൽ നടന്ന യുദ്ധത്തിന്റെ ചരിത്രമായ *ഹിസ്റ്ററി ഓഫ് ദ പെലൊപൊനേഷ്യൻ വാർ* എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ് തൂസിഡൈഡസ്. സ്വന്തം അനുഭവപശ്ചാത്തലത്തെ അടിസ്ഥാനമാക്കി യുദ്ധചരിത്രം രേഖപ്പെടുത്തി എന്നതാണ് ശൈഖ് സൈനുദ്ദീന്നും തൂസിഡൈഡസിനുമിടയിലെ പ്രധാന സാമ്യം. പോർച്ചുഗീസുകാർക്കെതിരായ യുദ്ധത്തിൽ സാമൂതിരിയുടെയും മുസ്ലിംകളുടെയും പക്ഷത്തെ പ്രധാന സൈദ്ധാന്തികനായിരുന്നിട്ടും ചരിത്രകഥനത്തിന്റെ കാര്യത്തിൽ ശൈഖ് സൈനുദ്ദീനും തൂസിഡൈഡസിനെ പോലെ നിഷ്പക്ഷനാണ്. *മലബാർ മാന്വലിന്റെ* കർത്താവായ വില്യം ലോഗൻ ഇക്കാര്യം പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. പോർച്ചുഗീസുകാർക്കെതിരെ യുദ്ധം നടക്കുന്നതിനിടയിൽ കൊടുങ്ങല്ലൂരിലെ ചില മുസ്ലിംകൾ ഏതാനും ക്രിസ്ത്യൻ ദേവാലയങ്ങൾ തീവെക്കാൻ ശ്രമിച്ചതും അത് തടയാൻ മുന്നോട്ടുവന്ന ചില നായന്മാരെ കൊന്നതുമായ സംഭവം സത്യസന്ധമായി തന്നെ ശൈഖ് സൈനുദ്ദീൻ *തുഹ്ഫത്തുൽ മുജാഹിദീനിൽ* വിവരിച്ചത് അദ്ദേഹത്തിന്റെ നിഷ്പക്ഷതക്കുള്ള തെളിവായി ചൂണ്ടിക്കാണിക്കാവുന്നതാണ്. അതുപോലെ ചാലിയത്ത് കോട്ട കെട്ടാൻ പോർച്ചുഗീസുകാരെ അനുവദിച്ച സാമൂതിരിയെ അമിതമായ ലഹരി ഉപയോഗം കാരണം ബുദ്ധിമാന്ദ്യം സംഭവിച്ചവനായി അദ്ദേഹം ആക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സാമൂതിരി കുടുംബവുമായുള്ള ബന്ധമൊന്നും ആ കുടുംബത്തിലെ ഒരു ഭരണാധികാരിയുടെ ദൂരവ്യാപക പ്രത്യാഘാതം സൃഷ്ടിച്ച കൊള്ളരുതായ്മയെ ചൂണ്ടിക്കാണിക്കാൻ അദ്ദേഹത്തിന് തടസ്സമായില്ല.

കേരളത്തിലെ ഒരു ഹിന്ദു രാജാവ് മക്കയിൽ പോയി ഇസ്ലാം സ്വീകരിച്ചതും തുടർന്ന് കേരളത്തിൽ ഇസ്ലാമിന്റെ പ്രചാരണം ആരംഭിച്ചതും പ്രവാചകന്റെ ജീവിതകാലത്തായിരുന്നുവെന്ന പരമ്പരാഗത ധാരണയെ ശൈഖ് സൈനുദ്ദീൻ അംഗീകരിക്കുന്നില്ല. ഇത് രണ്ടും -ഹിന്ദു രാജാവിന്റെ മക്കയിലേക്കുള്ള യാത്രയും ഇസ്ലാമിന്റെ കേരളത്തിലേക്കുള്ള ആഗമനവും- സംഭവിച്ചത് ഹിജ്റ 200-നു ശേഷമാണെന്നാണ് അദ്ദേഹത്തിന്റെ നിഗമനം.

ഹിജ്റ 992/ക്രി.വ. 1583-ൽ സാമൂതിരി-പോർച്ചുഗീസ് സന്ധിയെത്തുടർന്ന് പൊന്നാനിയിൽ കോട്ട കെട്ടാൻ പോർച്ചുഗീസുകാർക്ക് അനുമതി ലഭിച്ചതിന്റെ വിവരണത്തോടെ *തുഹ്ഫത്തുൽ മുജാഹിദീന്റെ* ചരിത്രകഥനം അവസാനിക്കുകയാണ്. കുഞ്ഞാലി മരക്കാർ നാലാമനും സാമൂതിരിയും തെറ്റിയതും പറങ്കികളുടെയും സാമൂതിരിയുടെയും സംയുക്ത സൈന്യം കുഞ്ഞാലി നാലാമനെതിരെ യുദ്ധം ചെയ്തതുമായ പിന്നീട് നടന്ന പോർച്ചുഗീസ് അധിനിവേശ ചരിത്രത്തിലെ നിർണായക മുഹൂർത്തങ്ങളെക്കുറിച്ച് *തുഹ്ഫത്തുൽ മുജാഹിദീൻ* നിശ്ശബ്ദമാണ്. ഈ സംഭവങ്ങൾ നടക്കുന്നതിനു മുമ്പ് ഗ്രന്ഥകാരൻ മരണപ്പെട്ടതാണ് പോർച്ചുഗീസ് അധിനിവേശചരിത്രം ഇങ്ങനെ അപൂർണതയിൽ അവസാനിക്കാൻ കാരണമായത്. നേരത്തേ സൂചിപ്പിച്ച തൂസിഡൈഡസിന്റെ പെലൊപൊനേഷ്യൻ യുദ്ധചരിത്രവും ഇടക്കുവെച്ചുള്ള ഗ്രന്ഥകാരന്റെ മരണം കാരണം അപൂർണതയിലാണ് അവസാനിക്കുന്നത്.

ഏതായാലും കേരള മുസ്ലിംകളുടെ നിലനിൽപുതന്നെ ശക്തിയായി വെല്ലുവിളിക്കപ്പെട്ട ഒരു ചരിത്രഘട്ടത്തിൽ തങ്ങളുടെ യഥാർഥ സ്വത്വത്തെ കുറിച്ച് അവർക്ക് തിരിച്ചറിവ് നൽകുകയും അനീതിയോടും അക്രമത്തോടും സന്ധിക്ക് തയാറാകാത്ത സമരോത്സുകമായ പൊതുബോധം അവരിൽ നട്ടുപിടിപ്പിക്കുകയും ചെയ്ത ഈ ദാർശനിക ചരിത്രഗ്രന്ഥത്തോട് പിൽക്കാലത്ത് കേരള മുസ്ലിംകൾ പുലർത്തിയ സമീപനം തീർത്തും ഗർഹണീയമായിരുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. പള്ളി ദർസുകളിലും അറബി ക്കോളേജുകളിലും ഈ ഗ്രന്ഥം പാഠപുസ്തകമായി പഠിപ്പിക്കപ്പെടേണ്ടതായിരുന്നു. വിദ്യാർഥികളെ ചരിത്രബോധമുള്ളവരാക്കി മാറ്റുന്നതിലും അവരുടെ സ്വത്വരൂപീകരണത്തിലും ഈ കൃതിക്ക് വഹിക്കാനാകുന്ന മഹത്തായ പങ്കിനെക്കുറിച്ച് ഇതുവരെ ആരും ചിന്തിച്ചില്ലെന്നത് ചരിത്രത്തോടും സംസ്കാരത്തോടുമുള്ള വർത്തമാനകാല മുസ്ലിം സമൂഹത്തിന്റെ അവഗണനാ മനോഭാവത്തെയാണ് വരച്ചുകാണിക്കുന്നത്.

*തുഹ്ഫത്തുൽ മുജാഹിദീന്റെ* അറബി പതിപ്പ് ആദ്യമായി അച്ചടിച്ചത് പോർച്ചുഗലിലെ ലിസ്ബണിലാണ്. നിരവധി യൂറോപ്യൻ ഭാഷകളിലേക്ക് ഇത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇംഗ്ലീഷിൽ ഒന്നിലേറെ പരിഭാഷകളുണ്ട്. മദ്രാസ് സെന്റ് ജോർജ് കോട്ടയിലെ പേർഷ്യൻ പരിഭാഷകനായിരുന്ന മേജർ റൗലണ്ട്സനാണ് ആദ്യ പരിഭാഷകൻ. എമേഴ്സൻ, ജെയിംസ് ബ്രിഗ്സ്, റോക്സ്, പ്രഫ. മുഹമ്മദ് ഹുസൈൻ നൈനാർ തുടങ്ങിയവരുടെ ഇംഗ്ലീഷ് പരിഭാഷകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നൈനാറിന്റെ പരിഭാഷ അടുത്തകാലത്ത് കോഴിക്കോട്ടെ 'അദർ ബുക്സ്' പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരള മുസ്ലിം പരിഷ്കർത്താക്കളിലൊരാളായ കെ.എം മൗലവിയുടെ അഭിപ്രായവും വക്കം അബ്ദുൽ ഖാദിറിന്റെ അവതാരികയും ചേർത്തുകൊണ്ടുള്ള *തുഹ്ഫത്തുൽ മുജാഹിദീന്റെ* അറബി മലയാള പരിഭാഷ കെ. മൂസാൻ കുട്ടി മൗലവി 1936-ൽ പുറത്തിറക്കി. കെ.എം മൗലവിയുടെ പത്രാധിപത്യത്തിലുള്ള *അൽ മുർശിദി*ലാണ് ഇത് ആദ്യം ഖണ്ഡശ്ശയായി പ്രസിദ്ധീകരിക്കപ്പെട്ടത്. ആദ്യ മലയാള പരിഭാഷ വേലായുധൻ പണിക്കശ്ശേരിയുടേതാണ്. അടുത്ത കാലത്ത് സ്വന്തമായ ധാരാളം കുറിപ്പുകളോടെ സി. ഹംസ തയാറാക്കിയ മലയാള വിവർത്തനവും പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. അറബി മൂലത്തിൽനിന്നുള്ള നേർ പരിഭാഷയാണ് എന്നതാണ് ഇതിന്റെ പ്രത്യേകത.

## മറ്റു കൃതികൾ

*തുഹ്ഫത്തുൽ മുജാഹിദീനെ*യും *ഫത്ഹുൽ മുഈനെ*യും കൂടാതെ *ഇർശാദുൽ ഇബാദ്*, *അൽ അജ്വിബതുൽ അജീബ*, *അഹ്കാമുന്നികാഹ്*, *അൽമൻഹജുൽ വാദിഹ്* തുടങ്ങിയവയും മഖ്ദൂമിന്റെ രചനകളാണ്.

ശൈഖ് സൈനുദ്ദീന്റെ മരണവർഷം കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഈജിപ്ഷ്യൻ ചരിത്രകാരനായ ശൈഖ് മുഹമ്മദ് അബ്ദുൽ മുൻഇം അന്നുമൈരിയുടെ *താരീഖുൽ ഇസ്ലാം ഫിൽ ഹിന്ദിൽ* മഖ്ദൂം ഹിജ്റ 991-ൽ ഇഹലോകവാസം വെടിഞ്ഞുവെന്ന് രേഖപ്പെടുത്തിയതായി കെ.കെ മുഹമ്മദ് അബ്ദുൽ കരീം *തുഹ്ഫ*യുടെ മലയാള വിവർത്തനത്തിനെഴുതിയ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ജോർജ് സൈദാന്റെ *താരീഖുൽ അദബിൽ ലുഗത്തിൽ അറബിയ്യ*യിൽ മഖ്ദൂമിന്റെ മരണം ഹിജ്റ 978-ലാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് രണ്ടും ശരിയാകാൻ വഴിയില്ല. കാരണം ഹിജ്റ 992 വരെയുള്ള സംഭവങ്ങൾ *തുഹ്ഫത്തുൽ മുജാഹിദീ*

*നിൽ* വിവരിക്കപ്പെടുന്നുണ്ട്. ശേഷം അദ്ദേഹം എത്രകാലം ജീവിച്ചിരുന്നുവെന്നറിയില്ല. ഏതായാലും ഹിജ്റ 992-നു ശേഷമാണ് മരണം എന്ന കാര്യം ഉറപ്പാണ്. ചോമ്പാൽ കുഞ്ഞിപ്പള്ളിക്ക് തെക്കു കിഴക്കാണ് ഖബ്റിടം. അദ്ദേഹത്തിന്റെ പത്നിയുടെ പേര് ലഭ്യമല്ല. അബൂബക്കർ, അബ്ദുൽ അസീസ്, ഫാത്വിമ എന്നീ മക്കളാണ് സൈനുദ്ദീൻ രണ്ടാമനുണ്ടായിരുന്നത്.

മഖ്ദൂം പണ്ഡിതന്മാരുടെ സേവനവും പോരാട്ടവും ചർച്ച ചെയ്യുമ്പോൾ അവർ തുടക്കമിടുകയും പടുത്തുയർത്തുകയും ചെയ്ത ചില സംരംഭങ്ങളുടെ പിൽക്കാല പരിണതിയും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. മഖ്ദൂം ഒന്നാമനും രണ്ടാമനും അടിത്തറപാകിയ പള്ളി ദർസ് സമ്പ്രദായവും അതിന്റെ തുടർച്ചയെന്നോണം വ്യാപകമായ വഅ്ളുകൾ എന്ന പേരിൽ വ്യവഹരിക്കപ്പെട്ട മതപ്രസംഗങ്ങളും മുമ്പ് സൂചിപ്പിച്ചതുപോലെ ഒരുകാലത്തെ വിജ്ഞാന വിനിമയോപാധി എന്ന നിലയിൽ കേരള മുസ്‌ലിംകളുടെ സാംസ്കാരിക ജീവിതത്തിൽ ചെലുത്തിയ സ്വാധീനം തർക്കമറ്റതാണ്. എന്നാൽ കാലക്രമത്തിൽ അവ രണ്ടും ജീർണിച്ച് മുസ്‌ലിം സമൂഹത്തെ അധഃപതനത്തിലേക്കും പ്രതിലോമ ചിന്താഗതികളിലേക്കും നയിക്കുകയുണ്ടായി എന്ന വസ്തുതയും നിഷേധിക്കാനാവില്ല. മഖ്ദൂം പണ്ഡിതന്മാർ തങ്ങൾ ജീവിച്ച കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും വെല്ലുവിളികളെയും ധീരമായി അഭിമുഖീകരിച്ചതിന്റെ ഫലമായിരുന്നു ഇത്തരം വിജ്ഞാന വിനിമയോപാധികൾ. എന്നാൽ പിൽക്കാലത്ത് അതിന്റെ പിന്തുടർച്ചക്കാർക്ക് തങ്ങളുടെ കാലത്തിന്റെ ആവശ്യങ്ങളുമായും വെല്ലുവിളികളുമായും പ്രശ്നങ്ങളുമായും സംവദിക്കാൻ കഴിയാത്തതു കാരണം അവ രണ്ടും ജീർണിച്ച് സ്വയം നിലംപൊത്തുകയായിരുന്നു. അതിനാൽ, പഴയകാല ദർസ് സമ്പ്രദായത്തിന്റെയും മറ്റും ഘടനയും രൂപവും ഇല്ലാതായതും വിജ്ഞാന വിനിമയത്തിന് പുതിയ കാലത്തെ ഘടനയും രൂപവും സ്വീകരിക്കപ്പെട്ടതുമാണ് വർത്തമാനകാല മുസ്‌ലിം വിദ്യാഭ്യാസ പ്രതിസന്ധിയുടെ കാരണമെന്നും അതുകൊണ്ട് പഴയ ഘടനയും രൂപവും തിരിച്ചുപിടിക്കേണ്ടതുണ്ടെന്നുമുള്ള നിരീക്ഷണം അങ്ങേയറ്റം ബാലിശവും പ്രതിലോമ ആശയങ്ങൾക്ക് വെള്ളവും വളവും നൽകുന്നതുമാണെന്ന് തിരിച്ചറിയപ്പെടേണ്ടതുണ്ട്. ഘടനയും രൂപവുമെല്ലാം കാലപ്രവാഹത്തിൽ മാറുന്നതും മാറേണ്ടതുമാണ്. ഘടനയിലും രൂപത്തിലുമല്ല കാര്യം, അത് നിർവഹിക്കുന്ന ദൗത്യത്തിലും പ്രസരിപ്പിക്കുന്ന ചൈതന്യത്തിലാണ്. ഈ ദൗത്യവും ചൈതന്യവും നിറവേറുകയും പ്രസരിക്കുകയും ചെയ്യുന്ന കാലത്തോളമേ ഘടനക്കും രൂപത്തിനും പ്രസക്തിയുള്ളൂ. കാലത്തോടൊപ്പം സഞ്ചരിക്കാനും അതിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാനുമുള്ള ശേഷി നഷ്ടപ്പെട്ടതോടെ ദർസുകളും വഅ്ളുകളും മറ്റും വിജ്ഞാന വിനിമയത്തിന്റെ പുതിയ ഘടനാ-രൂപങ്ങൾക്ക് വഴിമാറിക്കൊടുക്കുകയാണ് ചെയ്തത്. ഇവിടെ വെച്ച് അതെല്ലാം ഉപേക്ഷിച്ച് അസ്ഥിപഞ്ജരം മാത്രമായ പഴയ ഘടനയിലേക്കും രൂപത്തിലേക്കും തിരിച്ചുപോകണമെന്ന് പറയുന്നത് ഘടികാരത്തിന്റെ സൂചി പിറകിലേക്ക് വലിക്കുന്നതിന് സമാനമാണ്.

ജനങ്ങളുടെ ധാർമിക ശിക്ഷണത്തിനും സംഘാടനത്തിനും മഖ്ദൂം പണ്ഡിതന്മാർ കണ്ട മാർഗങ്ങളിലൊന്നായ ത്വരീഖത്തുകളുടെ സ്ഥിതിയും ഇതുപോലെത്തന്നെയാണ്. ശിക്ഷണത്തിനും സംഘാടനത്തിനുമുള്ള പല രീതികളിൽ ഒന്നു മാത്രമണ് ത്വരീഖത്തുകൾ. ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ സംഘടിത പ്രസ്ഥാനം എന്ന സ്ഥാനം ത്വരീഖത്തുകൾക്ക് കൽപിച്ചുകൊടുക്കുന്ന നിരീക്ഷണവും പൂർണമായും തള്ളിക്കളയേണ്ടതില്ല. എന്നാൽ സാമൂഹികപ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന മയക്കുമരുന്നായും അന്ധവിശ്വാസങ്ങളും ജീർണതകളും പ്രചരിപ്പിച്ച് സമൂഹത്തെ ചൂഷണം ചെയ്യാനുള്ള ഉപകരണമായും സൂഫി ത്വരീഖത്തുകൾ ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്ന ചരിത്രവസ്തുതയെ വിസ്മരിച്ചുകൊണ്ട് സൂഫികൾ ആവിഷ്കരിച്ച ഘടനക്കും രൂപത്തിനും എന്തോ പവിത്രതയും വിശുദ്ധിയും ഉണ്ടെന്ന് ജൽപിക്കുന്നതും ആധുനിക കാലത്തെ സംഘടനാ രൂപങ്ങൾ സ്വീകരിച്ചതാണ് സമകാലിക മുസ്‌ലിംസമൂഹത്തിന്റെ അപചയത്തിന് പ്രധാന കാരണമെന്ന് വിധിക്കുന്നതും ഇസ്‌ലാമികസമൂഹത്തെ മുന്നോട്ടു നയിക്കാൻ ഉതകുന്ന നിരീക്ഷണങ്ങളല്ല. ■

ktmhussain@yahoo.co.in

അവലംബം

1. *ഇസ്‌ലാമിക വിജ്ഞാനകോശം*- ഐ.പി.എച്ച്
2. *തുഹ്ഫത്തുൽ മുജാഹിദീൻ പരിഭാഷ* - സി. ഹംസ
3. *ഫത്ഹുൽ മുഈൻ പരിഭാഷ* - പി.കെ കുഞ്ഞുബാവ മുസ്‌ലിയാർ
4. *മാപ്പിള മുസ്‌ലിംസ് ഓഫ് കേരള* - റൊണാൾഡ് മില്ലർ
5. *കൾച്ചറൽ സിംബയോസിസ്* - എം. ജി.എസ് നാരായണൻ
6. *ലോഗന്റെ മലബാർ മാന്വൽ* - വില്യം ലോഗൻ
7. *അറബികളുടെ കപ്പലോട്ടം* - സയ്യിദ് സുലൈമാൻ നദ്‌വി
8. *കേരള മുസ്‌ലിം ചരിത്രം* - പി.എ സെയ്ത് മുഹമ്മദ്
9. *മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം* - സി.എൻ അഹ്മദ് മൗലവി, കെ.കെ മുഹമ്മദ് അബ്ദുൽ കരീം
10. *കേരള മുസ്‌ലിം ചരിത്രം, സ്ഥിതിവിവരണക്കണക്ക്, ഡയറക്ടറി* - ഡോ. സി.കെ കരീം
11. *മുസ്‌ലിംകളും കേരള സംസ്കാരവും* - പി.കെ. മുഹമ്മദ് കുഞ്ഞി
12. *മാപ്പിള ചരിത്രശകലങ്ങൾ* - പ്രഫ. കെ.വി അബ്ദുർറഹ്മാൻ
13. *കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ* - വേലായുധൻ പണിക്കശ്ശേരി
14. *മലയാളത്തിലെ മഹാരഥന്മാർ* - നെല്ലിക്കുത്ത് മുഹമ്മദലി മുസ്‌ലിയാർ
15. *കേരള മുസ്‌ലിംകൾ: പോരാട്ടത്തിന്റെ ചരിത്രം* - കെ.എം. ബഹാഉദ്ദീൻ
16. *കേരള മുസ്‌ലിം നവോത്ഥാന ചരിത്രം: പ്രബോധനം* സ്പെഷൽ പതിപ്പ്, 1998
17. 'മാപ്പിള സമുദായം'- ടി. മുഹമ്മദിന്റെ പഠനങ്ങൾ, *പ്രബോധനം* മാസിക (പുസ്തകം 35 1974 ഒക്ടോബർ- 1975 മാർച്ച്; പുസ്തകം 36 1975 ജൂൺ, ജൂലൈ).